ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

നം. എസിഡി.സി1/55030/എച്ച്.എസ്.ഇ/14 തീയതി : 29/09/2015

## സർക്കുലർ

വിഷയം: - ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - അക്കാഡമിക് വർഷം ഗവൺമെന്റ് മേഖലയിൽ പുതുതായി ആരംഭിച്ച അധിക ബാച്ചുകൾ/സ്കൂളുകളിൽ ജോലി നോക്കുന്ന ഗസ്റ്റ് അധ്യാപകരുടെ ദിവസവേതനം നൽകുന്നത് - സംബന്ധിച്ച്.

സൂചന:-
1. 31/07/14-ലെ ജി.ഒ(എം.എസ്)143/14/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്
2. 24/11/14-ലെ ജി.ഒ(എം.എസ്)247/17/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്
3. ഉപധനാഭ്യർത്ഥന (2015-16) ജൂലൈ 2015.
4. 29.07.15-ലെ ഫിൻ.സി1/26324/15/എച്ച്.എസ്.ഇ നമ്പർ ഫിനാൻസ് ഓഫീസറുടെ കുറിപ്പ്.
5. 10/09/15-ലെ 48949/യു1/15/പൊ.വി.വ നമ്പർ സർക്കാർ കത്ത്.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്തെ 2014-15 അധ്യയന വർഷത്തേക്ക് സർക്കാർ എയ്ഡഡ് മേഖലയിൽ പുതിയ ഹയർസെക്കന്ററി സ്കൂളുകളും അധികബാച്ചുകളും അനുവദിച്ച് സൂചന (1) പ്രകാരം ഉത്തരവായിരുന്നു. മേൽ ഉത്തരവിനെതിരെ വിവിധ സ്കൂൾ അധികാരികൾ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുകളുടേയും ഹൈക്കോടതി വിധിയുടേയും അടിസ്ഥാനത്തിൽ 31/07/14-ലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ട് സൂചന (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

ടി വിഷയത്തിൽ ന്യൂ സർവീസ് നടപടിക്രമം പാലിച്ച് 2015-16-ലെ ആദ്യ ബാച്ച് ഉപധനാഭ്യർത്ഥനയിൽ 2202-02-109-86-01-1 ശമ്പളം (നോൺപ്ലാൻ), 2202-02-110-94-01-1 ശമ്പളം (നോൺപ്ലാൻ) എന്നീ ശീർഷകങ്ങളിൽ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയതായി സൂചന (4) പ്രകാരം ഫിനാൻസ് വിഭാഗത്തിൽ നിന്ന് കുറിപ്പ് ലഭ്യമായിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ 2014-15, 2015-16 അക്കാദമിക വർഷത്തിൽ ഗവൺമെന്റ് മേഖലയിൽ ആരംഭിച്ച പുതിയ ഹയർസെക്കന്ററി സ്കൂളുകൾ/ബാച്ചുകൾ എന്നിവയിൽ ജോലിനോക്കിയിരുന്ന/ജോല നോക്കുന്ന ഗസ്റ്റ് അധ്യാപകർക്ക് താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി വേതനം നൽകാവുന്നതാണ്.

1. സ.ഉ(കൈ)143/14/പൊ.വി.വ തീയതി 31/07/14 നമ്പർ സർക്കാർ ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ടി സ്കൂൾ പാലിച്ചിട്ടുണ്ടെന്ന് പ്രിൻസിപ്പാൾ/ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്.

   (ആദ്യ വർഷം ഒരു ബാച്ചിൽ 40 കുട്ടികൾ, രണ്ടാം വർഷം 50 കുട്ടികൾ നിർദ്ദിഷ്ഠ ഭൗതിക സാഹചര്യങ്ങൾ).

2. ഹയർസെക്കന്ററി സബോർഡിനേറ്റ് സർവ്വീസ് റൂൾ/സ്റ്റേറ്റ് സർവ്വീസ് റൂൾ പ്രകാരമുള്ള എല്ലാ അക്കാദമിക യോഗ്യതകളും ടി ഗസ്റ്റ് അധ്യാപകർക്ക് ഉണ്ടെന്ന് ബന്ധപ്പെട്ട സ്കൂൾ പ്രിൻസിപ്പാൾ/ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.
3. സ്കൂളുകളിൽ സേവനം ചെയ്ത കാലയളവ്/നിയമാനുസൃതമുള്ള പീരിഡ് എന്നിവ രേഖകൾ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ ആവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കിയ ശേഷം മാത്രം ഗസ്റ്റ് അധ്യാപക വേതനം ലഭ്യമാക്കുന്നത് സംബന്ധിച്ച് അനുമതി നൽകുന്നതാണ്.

**ഒപ്പ്/-**
**കെ.എൻ.സതീഷ് ഐ.എ.എസ്**
**ഡയറക്ടർ**

**പകർപ്പ്:**
1. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ പ്രിൻസിപ്പാൾ/മാനേജർമാർക്കും
3. സി.എ റ്റു സീനിയർ എ.ഒ/എഫ.ഒ
4. കരുതൽ ഫയൽ/അധികം

അംഗീകാരത്തോടെ

സൂപ്രണ്ട്